**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *698** **04.11.2016-ൽ മറുപടിയ്ക്ക്**

**സംസ്ഥാന റോഡ് വികസന പദ്ധതി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.പി.വി. അൻവർ**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.ജോർജ് എം. തോമസ് :** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതി (SRIP) നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും, മേജർ ജില്ലാ റോഡുകളിലും നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ റോഡുകൾ സമഗ്രമായി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് സംസ്ഥാന റോഡു വികസന പദ്ധതി (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് - SRIP)റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക, മറ്റു സുരക്ഷാ ക്രമീകരണങ്ങൾ ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി.മീ റോഡുകൾക്ക് ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, 621 കി.മീ റോഡുകൾ വീതികൂട്ടുന്നതിനും, വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ ഇമ്പ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കൽ വേണ്ടി വരുന്ന അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി കാര്യക്ഷമമായി നടപ്പി ലാക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്. ഇപ്പോൾ ഈ സ്ഥാപനം ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത "റീഹാബിലിറ്റേഷൻ" പാക്കേജിൽപ്പെട്ട 83 കി.മി റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ പി.പി.പി/ആന്യുറ്റി രീതിയിൽ 13 വർഷത്തെ തുടർപരിപാലന വ്യവസ്ഥയോടെ രണ്ട് പാക്കേജുകളിലായി 4 റോഡ് വികസന പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. 2015-2016 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 75.18 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ടെണ്ടർ തുക കൂടുതലായിരുന്നതിനാൽ ടെണ്ടർ നടപടികൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നില്ല. ആയതിനാൽ ടി തുക ചെലവഴിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള റോഡ് നവീകരണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതിയുടെ അപ്ഗ്രഡേഷൻ പാക്കേജിൽപ്പെട്ട കരമന-വെള്ളറട റോഡിന്റെ വികസനത്തിന് ഭൂമിയേറ്റെടുക്കലിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ